## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.891 11.07.2016-ൽ മറുപടിയ്ക്ക്**

## ഈ-ഡിസ്ട്രിക്ട് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അൻവർ സാദത്ത്<br>,, ഹൈബി ഈഡൻ<br>ശ്രീ.അടൂർ പ്രകാശ്<br>,, വി.ഡി.സതീശൻ | ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| (എ) | റവന്യൂ വകുപ്പിൽ ഈ-ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. ഈ-ഡിസ്ട്രിക്ട് പദ്ധതി പ്രകാരം റവന്യൂ വകുപ്പിൽനിന്നും ലഭ്യമാകുന്ന വിവിധയിനം സർട്ടിഫിക്കറ്റുകളിൽ നിലവിൽ 24 ഇനം സർട്ടിഫിക്കറ്റുകൾ ഓൺ- ലൈനായി അനുവദിച്ചു വരുന്നു. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചതെന്ന് വിശദീകരിക്കുമോ; | (ബി) | റവന്യൂ വകുപ്പിൽ ഇ ഗവേണൻസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ടാണ് ഈ-ഡിസ്ട്രിക് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. അപേക്ഷകന് എപ്പോഴും എവിടെ നിന്ന് വേണമെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് ഓൺലൈനായി അപേക്ഷിക്കുകയും ലഭ്യമാകുകയും ചെയ്യുന്ന സംവിധാനമാണ് ഈ-ഡിസ്ട്രിക് പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളതും നടപ്പിലാക്കി വരുന്നതും. ഓൺലൈനായി വില്ലേജ് ഓഫീസർക്ക്/ തഹസീൽദാർക്ക് എത്തുന്ന അപേക്ഷകൾ, പരിശോധിച്ചശേഷം ഡിജിറ്റൽ ഒപ്പോടുകൂടിയ സർട്ടിഫിക്കറ്റുകൾ അനുവദിച്ചു വരുന്നു. |

| | |
|---|---|
| **(സി)** ഇതുവഴി എന്തെല്ലാം സേവനങ്ങളാണ് ജനങ്ങൾക്ക് ലഭ്യമായിട്ടുള്ളത്; | **(സി)** അനുബന്ധം **-1** ആയി ചേർക്കുന്നു. |
| **(ഡി)** ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കുമോ? | **(ഡി)** അനുബന്ധം -2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

സംസ്ഥാനത്തെ വില്ലേജ് ഓഫീസ്/താലൂക്ക് ഓഫീസുകളിൽ നിന്നും നൽകിവരുന്ന താഴെപ്പറയുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഇ - ഡിസ്ട്രിക്റ്റ് പദ്ധതി മുഖേന വില്ലേജ് ഓഫീസറുടെ/തഹസിൽദാരുടെ ഡിജിറ്റൽ ഒപ്പോടുകൂടി ഓൺലൈൻ ആയി നൽകി വരുന്നു.

1. ജാതി സർട്ടിഫിക്കറ്റ്
2. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്
3. താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ്
4. ബന്ധുത്വ സർട്ടിഫിക്കറ്റ്
5. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്
6. ഡൊമിസൈൽ സർട്ടിഫിക്കറ്റ്
7. വരുമാന സർട്ടിഫിക്കറ്റ്
8. കൈവശാവകാശ സർട്ടിഫിക്കറ്റ്
9. തിരിച്ചറിയൽ സർട്ടിഫിക്കറ്റ്
10. പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ്
11. സോൾവെൻസി സർട്ടിഫിക്കറ്റ്
12. ലൊക്കേഷൻ സർട്ടിഫിക്കറ്റ്
13. കൺവെർഷൻ സർട്ടിഫിക്കറ്റ്
14. ഡിപ്പന്റൻസി സർട്ടിഫിക്കറ്റ്
15. അഗതി സർട്ടിഫിക്കറ്റ്
16. കുടുംബാംഗത്വ സർട്ടിഫിക്കറ്റ്
17. മിശ്ര വിവാഹ സർട്ടിഫിക്കറ്റ്
18. നോൺ റീ മാര്യേജ് സർട്ടിഫിക്കറ്റ്
19. ലൈഫ് സർട്ടിഫിക്കറ്റ്
20. വൺ ആന്റ് ദി സെയിം സർട്ടിഫിക്കറ്റ്
21. പൊസഷൻ ആന്റ് നോൺ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്
22. വാല്യേഷൻ സർട്ടിഫിക്കറ്റ്
23. വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റ്
24. മൈനോരിറ്റി സർട്ടിഫിക്കറ്റ്

എപ്പോഴും,എവിടെനിന്നും വേണമെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കുകയും ലഭ്യമാകുകയും ചെയ്യുന്ന സംവിധാനമാണ് നടപ്പിലാക്കിവരുന്നത്. ഓൺലൈൻ പേയ്മെന്റ് സംവിധാനം കൂടി ഈ പദ്ധതിയുടെ ഭാഗമായതോടുകൂടി വീട്ടിലിരുന്നു തന്നെ സർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്നതിനും, ലഭ്യമാക്കുന്നതിനുമുള്ള സൗകര്യവും നിലവിൽ വന്നുകഴിഞ്ഞിട്ടുണ്ട്.



സെക്ഷൻ ഓഫീസർ

അനുബന്ധം - 2

GO(P) No. 24/2010/ITD തീയതി 04.08.2010 പ്രകാരം ഓൺ ലൈൻ വഴി നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് ആധികാരികതയുണ്ട്. ഇ-ഡിസ്ട്രിക്റ്റ് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസർമാർക്കും ലാപ്ടോപ്പുകൾ/പേഴ്സണൽ കമ്പ്യൂട്ടറുകൾ എന്നിവ കേരള സ്റ്റേറ്റ് ഐ.റ്റി.മിഷൻ വഴി നൽകിക്കഴിഞ്ഞിട്ടുണ്ട്. ഇ-ഡിസ്ട്രിക്റ്റ് പദ്ധതി ഉപയോഗിക്കുന്ന എല്ലാ വില്ലേജ് ഓഫീസർമാർക്കും , എസ്.വി.ഒ. മാർക്കും , തഹസിൽദാർമാർക്കും മറ്റ് ഉദ്യോഗസ്ഥർക്കും മതിയായ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ, എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടായാൽ പരിഹരിക്കുന്നതിനും ആവശ്യമായ പരിശീലനം നൽകുന്നതിനും എല്ലാ താലൂക്കുകളിലും ഹാൻഡ് ഹോൾഡിംഗ് സ്റ്റാഫിനെയും കേരള സ്റ്റേറ്റ് ഐ.റ്റി.മിഷൻ വഴി നിയമിച്ചിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങൾ വഴി വിതരണം ചെയ്ത ലഘുലേഖകൾ വഴിയും, വിവിധ മാധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങളിലൂടെയും ബോധവൽക്കരണ പരിപാടികൾ നടത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം നൽകുന്ന സർട്ടിഫിക്കറ്റുകളുടെ പൂർണ്ണവിവരവും , സർട്ടിഫിക്കറ്റുകൾക്ക് ആവശ്യമായിട്ടുള്ള അനുബന്ധ രേഖകളുടെ വിവരങ്ങളും, അപേക്ഷ നൽകുന്നതിനും , സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനും വേണ്ട പരിശീലനങ്ങളും, അനുബന്ധ സാങ്കേതികവിവരങ്ങളും അക്ഷയകേന്ദ്രങ്ങൾക്ക് നൽകിയിട്ടുണ്ട്.

റവന്യൂ വകുപ്പിന്റെ പൗരാവകാശരേഖയിൽ നിഷ്കർഷിച്ചിരിക്കുന്നതും സർക്കാരിന്റെ സേവനാവകാശ നിയമം അനുശാസിക്കുന്നതുമായ സമയപരിധി പാലിച്ചാണ് സർട്ടിഫിക്കറ്റുകൾ നൽകിവരുന്നത്. എല്ലാ ജില്ലാ അക്ഷയ കോർഡിനേറ്റർമാർക്കും അക്ഷയകേന്ദ്രങ്ങളുടെ പ്രവർത്തനം പരിശോധിക്കുന്നതിനും സാങ്കേതികമായ സഹായം ലഭ്യമാക്കുന്നതിനും എന്തെങ്കിലും ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ തക്കതായ നടപടികൾക്ക് ജില്ലാകളക്ടർക്ക് ശുപാർശ നൽകുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ. ഇത്തരം പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എല്ലാ ജില്ലകളിലും ഡിസ്ട്രിക്റ്റ് ഇ - ഗവേണൻസ് സൊസൈറ്റികളും രൂപീകരിച്ചിട്ടുള്ളതാണ്.

8/7/16

സെക്ഷൻ ഓഫീസർ